പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3938 | 21. 06. 2019 ൽ മറുപടിക്ക്

## വൈദ്യുതി നിയമ ഭേദഗതി

ചോദ്യം

ശ്രീ.കെ.ജെ.മാക്സി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാർ കൊണ്ടുവന്ന ബിൽ രാജ്യത്തെ ഫെഡറൽ സംവിധാനത്തെ തകർക്കുന്നവിധത്തിലുള്ളതാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള നിർദേശങ്ങളിൽ ചിലത് ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങൾക്ക് നിരക്കുന്നതല്ല എന്ന അഭിപ്രായം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ബില്ലിലെ ഏതൊക്കെ വ്യവസ്ഥകളോടാണ് സർക്കാരിന് വിയോജിപ്പ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാരിന് വിയോജിപ്പുള്ള പ്രധാനമായ വ്യവസ്ഥകൾ ചുവടെ ചേർത്തിരിക്കുന്നു<br>• വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിച്ച് സംസ്ഥാനത്തെ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയടക്കം വില്പന ചെയ്യുന്നതിന് സ്വകാര്യ സംരംഭകർക്ക് അവസരമൊരുക്കുക,<br>• ക്രോസ് സബ്സിഡി സമ്പ്രദായം പൂർണമായി അവസാനിപ്പിക്കുക<br>• ക്രോസ് സബ്സിഡിക്ക് പകരമായി ഉപഭോക്താക്കൾ മുൻകൂറായി മുഴുവൻ തുകയും അടക്കേണ്ടി വരികയും സർക്കാർ സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്ന ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം<br>• വൈദ്യുതിയുടെ ഊഹക്കച്ചവടത്തിനടയാക്കുന്ന നിർദ്ദേശങ്ങൾ.<br>• സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളെയും ചെയർമാനെയും തിരഞ്ഞെടുക്കാനുള്ള അധികാരം കേന്ദ്ര-ഗവണ്മെന്റിൽ നിക്ഷിപ്തമാക്കൽ<br>• സംസ്ഥാനത്തെ വൈദ്യുതി നിരക്ക് നിർണ്ണയം കേന്ദ്ര ഗവണ്മെന്റ് നയത്തിനനുസരിച്ചാക്കൽ.<br>• സംസ്ഥാനത്തെ സ്വകാര്യ വൈദ്യുതനിലയങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കാനുള്ള അധികാരം, സംസ്ഥാന സർക്കാരിൽ നിന്നും എടുത്തുമാറ്റി കേന്ദ്രസർക്കാരിലേക്ക് മാറ്റുന്നത്.<br>• രാജ്യത്തെവിടെയും ആർക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനു ലഭിക്കുംവിധമുള്ള ഭേദഗതി നിർദ്ദേശം . |

| | |
|---|---|
| (സി)ക്രോസ് സബ്സിഡി മൂന്ന് വർഷം കൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന സംസ്ഥാനത്തെ കാർഷിക, ഗാർഹിക ഉപഭോക്താക്കളെ എപ്രകാരം ബാധിക്കുമെന്ന് അറിയിക്കുമോ; | (സി). ക്രോസ് സബ്സിഡി മൂന്നുവർഷം കൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന കാർഷിക ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത നിരക്ക് കുത്തനെ ഉയരുവാൻ കാരണമാകും. ഈ വിഭാഗം ഉപഭോക്താക്കൾക്ക് പ്രതി വർഷം 2000 കോടി രൂപയുടെ ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. |
| (ഡി)പ്രസ്തുത ബില്ലിൽ നിഷ്കർച്ചിരിക്കുന്ന വ്യവസ്ഥകൾ തൊഴിലാളികൾക്കും ദോഷകരമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി). വിതരണ മേഖലയിൽ സ്വകാര്യവത്ക്കരണം വരുന്നവഴി നിലവിലുള്ള തൊഴിലാളികളെ അത് ദോഷകരമായി ബാധിച്ചേക്കാം. |

സെക്ഷൻ ഓഫീസർ